**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6321 | | 31.10.2011ൽ മറുപടിയ്ക്ക് | |
| വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. റ്റി. യു. കുരുവിള | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | വനിതാ വികസന കോർപ്പറേഷന്റെ പ്രധാന പ്രവർത്തനമായ സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള വായ്പ നല്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭിക്കുന്നതിനായി സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ കാലാവധി വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനും കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് സൗകര്യപ്രദമായി ബാങ്ക് വഴി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | വനിതാ സംരംഭകർക്കായി സ്വയം തൊഴിൽ പദ്ധതി പ്രകാരം കുറഞ്ഞ പലിശ നിരക്കിൽ വായ്പ, പ്രത്യേക വിപണന മേളകൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികൾക്കായി ഏതെല്ലാം ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്; വ്യക്ത മാക്കുമോ ? | (സി) | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ കോർപ്പറേഷൻ, ദേശീയ പട്ടികജാതി വിഭാഗ ധനകാര്യ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും സ്വയം തൊഴിൽ പദ്ധതിക്കായി വായ്പ സ്വീകരിച്ചു വരുന്നു. |

R. Vijayan

**സെക്ഷൻ ഓഫീസർ**